# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2553 — 10.12.2014 ൽ മറുപടിക്ക്

## താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് എത്ര താലൂക്ക് ആശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്ത് ഇതുവരെയും താലൂക്കാശുപത്രികളിൽ കാരുണ്യ ഡയാലിസിസ് സെന്ററുകൾ ആരംഭിച്ചിട്ടില്ല. എന്നാൽ 05/02/2013-ലെ സ.ഉ(സാധാ) നം.114/2013/ടി.ഡി പ്രകാരം കാരുണ്യാ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 17 താലൂക്കാശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ ആരംഭിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) ഡയാലിസിസ് സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി സർക്കാർ എന്തൊക്കെ ചെയ്തു എന്ന് വിശദാംശം ലഭ്യമാക്കുമോ; | (ബി) സംസ്ഥാനത്തെ 27 ആശുപത്രികളിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് സർക്കാർ അനുമതി നല്കി ഉത്തരവായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ടി സെന്ററുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നു വരുന്നുണ്ട്. സെന്റർ പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനു വേണ്ടിയുള്ള പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരുകയാണ്. |
| (സി) പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ ജനപങ്കാളിത്തത്തോടെ ആരംഭിച്ച ഡയാലിസിസ് കേന്ദ്രത്തിന് എന്തെങ്കിലും സർക്കാർ സഹായം നല്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (സി) സർക്കാരിന്റെ 04/05/2013-ലെ ജി.ഒ(ആർ.ടി) നം.1549/2013 പ്രകാരം ബഹു.എം.എൽ.എ ശ്രീ.കുഞ്ഞമ്മത് മാസ്റ്ററുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1 കോടി രൂപ ഡയാലിസിസ് കെട്ടിടത്തിനായി അനുവദിച്ചിട്ടുണ്ട്. |
| (ഡി) ഇല്ലെങ്കിൽ എന്തെങ്കിലും സഹായം അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) നിലവിൽ ടി ആശുപത്രിയിൽ ഡയാലിസിസ് സെന്റർ പ്രവർത്തനം ഉള്ളതിനാൽ കെ.ബി.എഫ്.പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. സഹായം ആവശ്യപ്പെട്ട് പ്രൊപ്പോസൽ ലഭ്യമായാൽ ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ